# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആര്യാട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/ബിപി - 750/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 09/09/2024
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആര്യാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ് (എയിംസ് മുഖേന)
2. ജോയിന്റ്ഡയറക്ടർ, തദ്ദേശസ്വയംഭരണവിഭാഗം, ആലപ്പുഴ
3. ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ-എ.എൽ.പി/ബിപി - 750/2024 തീയ്യതി: 09/09/2024

## ആലപ്പുഴ ജില്ലയിലെ ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2023 മുതൽ 25-07-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജീവ് ആർ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 26-07-2024 | 02-08-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 26-07-2024 | 02-08-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.പി.സാബു, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി രാജി എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.എ.പി.ഷിബു സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രാജിമോൾ പി.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.ഡി.മഹീന്ദ്രൻ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീ. രജിത്.ആർ | സെക്രട്ടറി | 01-04-2023 | 10-07-2023 |
| ശ്രീ.ഷിബു.കെ.എം | സെക്രട്ടറി | 10-07-2023 | 31-03-2024 |

**<u>നിർവ്വഹണഉദ്യോഗസ്ഥർ</u>**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സുനിത പി പി | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ബിനേഷ് കെ | പട്ടികജാതി വികസന ഓഫീസർ | 01-04-2023 | 31-03-2024 |
| ഷീല ദേവസ്യ | ശിശു വികസന ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ ജയന്തി സി | മെഡിക്കൽ ഓഫീസർ.(സി.എച്ച്.സി) | 01-04-2023 | 31-03-2024 |
| ഡോ .ഗായത്രി എൽ കെ | മെഡിക്കൽ ഓഫീസർ.(റൂറൽ ഹെൽത്ത് ട്രെയ്നിംഗ് സെന്റർ,ചെട്ടിക്കാട് | 01-04-2023 | 31-03-2024 |
| ദിഷ മണിയൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ഗാഥാ വേണുഗോപാൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 04-07-2023 |
| ആഭ.വി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 05-07-2023 | 31-03-2024 |
| ജ്യൂലി ലൂക്ക് | അസിസ്റ്റൻഡ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 01-04-2023 | 22-07-2023 |
| അക്ഷയ് ശശിധരൻ | അസിസ്റ്റൻഡ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 22-07-2023 | 21-08-2023 |
| സമീറ പോതുകാട്ടിൽ | അസിസ്റ്റൻഡ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 22-08-2023 | 31-03-2024 |
| ബിന്ദു.വി.എൻ | വ്യവസായ വികസന ഓഫീസർ | 01-04-2023 | 13-10-2023 |
| നജീം എം | വ്യവസായവികസനഓഫീസർ | 13-10-2023 | 31-03-2024 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | റീ-കൺസിലിയേഷൻ സ്റ്റേറ്റ്മെന്റും ബാങ്ക് അക്കൌണ്ടുമായി പൊരുത്തപെടുന്നില്ല | 1-1-2 |
| 4 | ട്രാൻസാക്ഷനുള്ള ബാങ്ക് അക്കൗണ്ട് ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയില്ല | 1-1-3 |
| 5 | ഡെപ്പോസിറ്റ് രജിസ്റ്റർ - അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല | 1-1-5 |
| 6 | Stale Cheques-കൃത്യത ഉറപ്പാക്കാനായിട്ടില്ല | 1-1-6 |
| 7 | ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂളുംB17 ഷെഡ്യൂളും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 8 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 9 | CFC Grant Tied & CFC Grant Untied -ബാലൻസ് ഷീറ്റിലെ തുകയും ബാങ്ക് അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 10 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവ് -സുലേഖ ചെലവ് പത്രികയും ACR -ഉം തമ്മിൽ പൊരുത്തപെടുന്നില്ല. | 1-1-10 |
| 11 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-11 |
| 12 | 21 അക്കൗണ്ടുകൾ സീറോ ബാലൻസായി ധനകാര്യപത്രികയിൽ കാണുന്നു | 1-1-12 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 15 | ഗ്രാന്റ് വിനിയോഗം (എ.സി.ആർ പ്രകാരം) | 1-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 18 | ക്ഷേമ പദ്ധതികൾ | 1-7 |
| 19 | ക്യാഷ് പരിശോധന | 1-8 |
| 20 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 21 | പത്രപ്പരസ്യം- ഡിസ്കൌണ്ട് ലഭിച്ചില്ല | 1-10 |
| 22 | സെക്രട്ടറി നടപ്പാക്കിയ പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല -ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-11 |
| 23 | ഭിന്നശേഷിക്കാർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ -സ്കൂട്ടറുകൾ വിതരണം ചെയ്തില്ല | 1-12 |
| 24 | സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വാഹന വാടക ഇനത്തിൽ തുക ചെലവഴിച്ചു | 1-13 |
| 25 | എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി പൂർത്തീകരിച്ചില്ല | 1-14 |

| | | |
|---|---|---|
| 26 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി- മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താവ് നിർമ്മാണം പൂർത്തിയാക്കിയില്ല. | 1-15 |
| 27 | എസ്.സി.ഡി.ഒ നടപ്പാക്കിയ പ്രോജക്ടുകൾ -മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല | 1-16 |
| 28 | ഗവൺമെന്റ് ഹോസ്പിറ്റൽ, ചെട്ടികാട്-മരുന്നുകൾ ലഭ്യമാക്കിയില്ല | 1-17 |
| 29 | പെയിന്റിംഗ് പ്രവൃത്തിക്ക് അധിക ചെലവ്- | 1-18 |
| 30 | ടെണ്ടർ നടപടി ക്രമങ്ങളിലെ വീഴ്ച മൂലം അധിക ചെലവ്- | 1-19 |
| 31 | കാണ നിർമ്മാണത്തിന് എർത്ത് വർക്ക് എക്സ്കവേഷൻ കൂടിയ അളവിൽ നിർവ്വഹിച്ചു- | 1-20 |
| 32 | ഫണ്ട് വിനിയോഗത്തിലെ ഗണ്യമായ കുറവ് സംബന്ധിച്ച്- | 1-21 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | പെയിന്റിംഗ് പ്രവൃത്തിക്ക് അധിക ചെലവ്- | 3-1 |
| 2 | ടെണ്ടർ നടപടി ക്രമങ്ങളിലെ വീഴ്ച മൂലം അധിക ചെലവ്- | 3-2 |
| 3 | കാണ നിർമ്മാണത്തിന് എർത്ത് വർക്ക് എക്സ്കവേഷൻ കൂടിയ അളവിൽ നിർവ്വഹിച്ചു- | 3-3 |
| 4 | പത്രപ്പരസ്യം- ഡിസ്കൌണ്ട് ലഭിച്ചില്ല | 3-4 |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള താഴെപ്പറയുന്ന പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

A).റേഷ്യോസ്

B).അക്കൗണ്ടിന്മേലുള്ള സെക്രട്ടറിയുടെ കുറിപ്പുകൾ

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 14.05.2024-ലെ 3(1) കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 24.05.2024-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ആര്യാട് ബ്ളോക്ക് പഞ്ചായത്തിന്റെ മാർച്ച് 2024 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

<u>വിശേഷണങ്ങളോടു കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി ആര്യാട് ബ്ളോക്ക് പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

### 1-1-2 റീ-കൺസിലിയേഷൻ സ്റ്റേറ്റ്മെന്റും ബാങ്ക് അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല

SBI Miscellaneous എന്ന അക്കൌണ്ടിന്റെ (അക്കൗണ്ട് നം-10535555086) റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്കിലെ ബാലൻസ് 1235482/- രൂപ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ബാങ്ക് പാസ്ബുക്ക് പ്രകാരം അക്കൌണ്ടിൽ 1353543/- രൂപ നീക്കിയിരിപ്പ് കാണുന്നു.

**1-1-3 ട്രാൻസാക്ഷനുള്ള ബാങ്ക് അക്കൗണ്ട് ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയില്ല**

SBI അക്കൗണ്ട് നം 67083213040 AFS ൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. 25-03-24 ൽ ഈ അക്കൗണ്ടിന്റെ ക്ളോസിംഗ് ബാലൻസ് 17544 രൂപയാണ് ടി അക്കൗണ്ടിന്റെ റീ-കൺസിലിയേഷൻ സ്റ്റേറ്റ്മെന്റും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

**1-1-5 ഡെപ്പോസിറ്റ് രജിസ്റ്റർ - അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല**

സ്ഥാപനത്തിൽ ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഈ ഇനങ്ങളുടെ ( ഷെഡ്യൂൾ ബി 7, ബി 18 ) കൃത്യത ഉറപ്പിക്കാനാകുന്നില്ല

**1-1-6 Stale Cheques-കൃത്യത ഉറപ്പാക്കാനായിട്ടില്ല**

31.3.2024 ലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി 9 ൽ Liablity In Respect Of Stale Cheques(350800101) എന്ന ഇനത്തിൽ 506597 രൂപ ബാധ്യതയായി കാണിച്ചിട്ടുണ്ട്. ഇതിന്റെ കൃത്യത ഉറപ്പാക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല

**1-1-7 ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂളുംB17 ഷെഡ്യൂളും തമ്മിൽ പൊരുത്തപ്പെടുന്നില്ല**

ബാലൻസ് ഷീറ്റിൽ B4 ഷെഡ്യൂൾ പ്രകാരം CFC Grant Tied & CFC Grant Untied എന്നിവയുടെ ആകെ തുക എന്നത് 5115666 രൂപയാണ്.എന്നാൽ ടി തുക ബാലൻസ് ഷീറ്റിലെ B17 ഷെഡ്യൂളിലെ Union Bank Of India -CFC -E Gram Swarag എന്ന അക്കൗണ്ടിലെ തുകയുമായി (521806) പൊരുത്തപ്പെടുന്നില്ല

**1-1-8 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല**

1)ACR പ്രകാരം CFC -Tied ,CFC Untied എന്നിവയിൽ യഥാക്രമം 6811816 രൂപയുടെയും,3033053 രൂപയുടെയും ചെലവ് കാണിച്ചിട്ടുണ്ട് എന്നാൽ I6 ൽ ഇതിനനുസൃതമായി കാണിച്ചിരിയ്ക്കുന്ന ചെലവ് CFC -Tied ,4,787,851 രൂപയും CFC Untied ൽ 1,756,679. രൂപയാണ്.ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല

**1-1-9 CFC Grant Tied & CFC Grant Untied -ബാലൻസ് ഷീറ്റിലെ തുകയും ബാങ്ക് അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല**

ബാലൻസ് ഷീറ്റിൽ B4 ഷെഡ്യൂൾ പ്രകാരം CFC Grant Tied & CFC Grant Untied എന്നിവയുടെ ആകെ തുക എന്നത് 5115666 രൂപയാണ്.എന്നാൽ ടി തുക ബാലൻസ് ഷീറ്റിലെ B17 ഷെഡ്യൂളിലെ Union Bank Of India -CFC -E Gram Swarag എന്ന അക്കൗണ്ടിലെ തുകയുമായി (521806) പൊരുത്തപ്പെടുന്നില്ല.

**1-1-10 ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവ് -സുലേഖ ചെലവ് പത്രികയും ACR -ഉം തമ്മിൽ പൊരുത്തപെടുന്നില്ല.**

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവ് സുലേഖ ചെലവ് പത്രിക പ്രകാരം 7385279 രൂപയും ACR പ്രകാരം 9344869 രൂപയുമാണ്.ഇവ തമ്മിൽ പൊരുത്തപെടുന്നില്ല.

**1-1-11 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല**

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ 31.3.2024 ലെ ബാലൻസ് ഷീറ്റിലെ സ്ഥാവര ആസ്തികൾ, ഡിപ്രീസിയേഷൻ എന്നിവയുടെ കൃത്യത ഉറപ്പിക്കാനാകുന്നില്ല

**1-1-12 21 അക്കൗണ്ടുകൾ സീറോ ബാലൻസായി ധനകാര്യപത്രികയിൽ കാണുന്നു**

റെസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ 40(B) യിൽ 21 അക്കൗണ്ടുകൾ സീറോ ബാലൻസായി കാണുന്നു. ഇവയുടെ പാസ്ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

## 1-2 ബജറ്റ്

2023-24 വർഷത്തെ ബജറ്റ് 15.03.2023 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 91620688 | 91013000 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | 42159577.00 | 46433442.00 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6306155 |
| വരവ് | 49288477 |
| ആകെ | 55594632 |
| ചെലവ് | 45238646 |
| നീക്കിയിരിപ്പ് | 10355986 |

## 1-4 ഗ്രാന്റ് വിനിയോഗം (എ.സി.ആർ പ്രകാരം)

| **ഫണ്ടിനം** | **മുന്നിരിപ്പ്** | അലോട്ട്മെന്റ് വരവ് | **ആകെ** വരവ് | **ആകെ ചെലവ്** | **നീക്കിബാക്കി** |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 27295933 | 27295933 | 21809503 | 5486430 (ലാപ്സായി) |
| വികസനഫണ്ട് (എസ്.സി.പി) | 0 | 6274000 | 6274000 | 4165371 | 2108629 (ലാപ്സായി) |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 200067 | 200067 | 50000 | 150067 (ലാപ്സായി) |
| മെയിന്റനൻസ് ഫണ്ട് -റോഡ് | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഫണ്ട് - നോൺ റോഡ് | 0 | 3228600 | 3228600 | 2571428 | 657172 (ലാപ്സായി) |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Untied A/C | 2053176 | 4658823 (Interest-136823) | 6711999 | 2597607 (Cc-840928) | 4114392 (നീക്കിയിരിപ്പ്) |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- | 2,397,627 | 3391500 | 5789127 | 4787851 | 1001276 (നീക്കിയിരിപ്പ്) |

| Tied | | | | | |
|---|---|---|---|---|---|

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 88 | 81822773 | 61 | 39293715 | 0 | 27 | 69% |

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവുകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.07.2024 തീയതിയിൽ അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരുപ്പില്ല.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

1. പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികളുടെ വിജയകരമായ പൂർത്തീകരണം സംബന്ധിച്ച മോണിട്ടറിംഗ് റിപ്പോർട്ട് ഭൂരിപക്ഷം ഫയലുകളിലും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
2.ഇലക്ട്രോണിക്സ് & ഇലക്ട്രിക് ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിൽ 2023-24 വരെയുള്ള വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ വാങ്ങിയ ഉപകരണങ്ങളുടെ ബിൽ വിവരങ്ങൾ, ഗ്യാരണ്ടി കാലയളവ് തുടങ്ങിയ വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.

3.പഞ്ചായത്തിലെ ഫർണിച്ചറുകളുടേയും, മറ്റ് സാമഗ്രികളുടേയും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി വാർഷിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

4.ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വൻ തുകകൾ വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്യുന്നുണ്ടെങ്കിലും പദ്ധതികളുടെ യഥാസമയത്തുള്ള പൂർത്തീകരണം ഉറപ്പാക്കുന്നില്ല. ഇപ്രകാരം നൽകുന്ന തുകയുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

4.കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

5. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കുന്നില്ല.

6.ഡെപ്പോസിറ്റ് , അഡ്വാൻസ് തുടങ്ങിയ രജിസ്റ്ററുകളൊന്നും തന്നെ എഴുതി സൂക്ഷിക്കുന്നില്ല.
മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 പത്രപ്പരസ്യം- ഡിസ്കൗണ്ട് ലഭിച്ചില്ല

പദ്ധതി രൂപീകരണം നിർവ്വഹണം മോണിറ്ററിംഗ് പദ്ധതിയുടെ ഭാഗമായി നടത്തിയ ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് നിർദ്ദിഷ്ട "വിൻഡോ'തരത്തിലായിരുന്നുവെങ്കിലും (8cmx3cm=24) സർക്കാർ നിർദ്ദേശാനുസൃതമുള്ള ഡിസ്കൗണ്ട് ലഭ്യമായില്ല. ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പിന്റെ 10.12.2020-ലെ ജി.ഒ(പി) നം.02/2020 നമ്പർ ഉത്തരവിലെ 51-ാം ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ നല്കുന്ന പത്ര പരസ്യങ്ങൾക്ക് പരസ്യ ചാർജിനത്തിൽ 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് പറഞ്ഞിരിക്കുന്നു. ഈ ഉത്തരവിലെ നിരക്കുകൾക്കും നിർദേശങ്ങൾക്കും 2019 ഏപ്രിൽ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുമെന്ന് ഉത്തരവിലെ ഖണ്ഡിക 3-ൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ, പരസ്യ നിരക്കും മീഡിയ ലിസ്റ്റും അംഗീകരിച്ചു കൊണ്ടുള്ള 08.12.2015-ലെ ജി.ഒ (പി) നം.17/2015/പി.ആർ.ഡി നമ്പർ സർക്കാർ

ഉത്തരവിലെ 4-ാം ഖണ്ഡികയിൽ സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ജി.ഒ.(ആർ.ടി)1/2011/ പി&എ.ആർ.ഡി 4-1-2011 പ്രകാരം പരസ്യങ്ങൾ പി&എ.ആർ.ഡി മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കേരളാകൗമുദി പത്രത്തിൽ ചുവടെ ചേർക്കുന്ന തീയതികളിൽ നൽകിയ 24 Sq Cm വലുപ്പത്തിലുള്ള പരസ്യങ്ങൾക്ക് ഡിസ്കൗണ്ട് ഇല്ലാതെയാണ് പത്രപ്പരസ്യചാർജ്ജ് ഡിമാന്റ് ചെയ്തത്. ബ്ലോക്ക് പഞ്ചായത്ത് മേൽ പരസ്യത്തിന് ബില്ല് പ്രകാരം മുഴുവൻ തുകയും അനുവദിച്ച് നൽകുകയും ചെയ്തു.
വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ തീയതി | നിരക്ക് | ആകെ | നൽകിയ തുക | അനുവദ നീയ മായ തുക | അധികം നൽകിയത് | ചെക്ക് നം./ വൌച്ചർ നം./ തീയതി |
|---|---|---|---|---|---|---|---|
| 1. | 23.05.23 | 191 | 4584 +5% GST | 4813 | 3x8=24cm @191 =4584<br>15% ഡിസ്കൗണ്ട് 4584-688=3896<br>3896 +5% GST =4091 | 722/- | 6206661/ 15.06.23 |
| 2 | 23.03.23,17.06.23 തീയതികളിലെ രണ്ട് ബില്ലുകൾ | 191 | 4584 +5% GST | 4813x2 = 9626 | 3x8=24cm @191 =4584<br>15% ഡിസ്കൗണ്ട് 4584-688=3896<br>3896 +5% GST= 4091<br>4091x2 =8182 | 1444/- | 6206679/ 01.08.23 |
| 3 | 23.05.23,01.07.23, 17.06.23,03.08.23 തീയതികളിലെ നാല് ബില്ലുകൾ | 191 | 4584 +5% GST | 4813 X 4 =19252/- | 3x8=24cm @191 =4584<br>15% ഡിസ്കൗണ്ട് 4584-688=3896<br>3896 +5% GST=4091<br>4091 X 4 =16364 | 2888/- | 72560/ 05.10.23 |
| 4 | 09.12.23 | 191 | 4584 +5% GST | 4813 | 3x8=24cm @191 =4584<br>15% ഡിസ്കൗണ്ട് | 722/- | 22300348/ 14.02.24 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | 4584-688=3896 | | |
| | | | | | 3896 +5% GST =4091 | | |
| 5 | 02.12.23 | 191 | 4584 +5% GST | 4813 | 3x8=24cm @191 =4584 | 722/- | 22300631/ 28.02.24 |
| | | | | | 15% ഡിസ്കൌണ്ട് 4584-688=3896 | | |
| | | | | | 3896 +5% GST =4091 | | |
| | ആകെ | | | | | 6498/- | |

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/30.07.24) മറുപടി നൽകിയില്ല. ഡിസ്കൌണ്ട് അനുവദിക്കാതിരുന്നത് കാരണം നഷ്ടം വന്ന 6498/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-11 സെക്രട്ടറി നടപ്പാക്കിയ പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല -ചെലവ് തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ വിനിയോഗരേഖകൾ ഹാജരാക്കിയില്ല.

1)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് വാർഡ് 20 ൽ ആർ.ഒ പ്ലാന്റ് – ഡെപ്പോസിറ്റ് വർക്ക് |
| പ്രോജക്ട് നം. | S0063/24 |
| ഫണ്ട് | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| അടങ്കൽ | 4,28,000/- |
| ചെലവ് | 4,28,000/-(ബിൽ നം. 145/09.10.23) |

കേരളാ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച് ഡിവിഷൻ, ആലപ്പുഴയുടെ എസ്റ്റിമേറ്റ് നം.WRD/KWA -CE(CR)/EST/7395/2023/5/1 തീയതി 06.05.23 പ്രകാരം ഡെപ്പോസിറ്റ് ചെയ്ത 4,28,000/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (03/30.07.24) മറുപടിയിൽ പ്രവൃത്തി പൂർത്തീകരിക്കുന്ന മുറക്ക് വിനിയോഗവിവരം ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

2)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ക്യാമറ വാങ്ങൽ-പഞ്ചായത്തിന് വിഹിതം നൽകൽ |
| പ്രോജക്ട് നം. | S0110/24 |
| ഫണ്ട് | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| അടങ്കൽ | 39,26,400/- |
| ചെലവ് | 10,00,000/- (ബിൽ നം499/27.03.24) |

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിൽ സിസി ടിവി ക്യാമറ സ്ഥാപിക്കുന്നതിലേക്ക് കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തിന് 10,00,000/- രൂപ അനുവദിച്ചിട്ടുണ്ട്. തുകയുടെ വിനിയോഗരേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.04/30.07.24) 10,00,000/-രൂപ ക്യാമറകൾ സ്ഥാപിക്കുന്നതിനായി ചെലവഴിച്ചു എന്ന മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപത്രം ഹാജരാക്കി. എന്നാൽ ടി തുക വിനിയോഗിച്ച് ഗ്രാമപഞ്ചായത്തിന്റെ ഏതെല്ലാം ഭാഗത്ത് എത്ര എണ്ണം വീതം ക്യാമറകൾ സ്ഥാപിച്ചു എന്നതിന്റെ വിശദമായ വിവരം ലഭ്യമാക്കിയില്ല. തുകയുടെ വിനിയോഗം സംബന്ധിച്ച വിശദമായ വിവരങ്ങളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

3)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഗവ.എയിഡഡ് സ്കൂളുകൾക്ക് ആർ ഒ പ്ലാന്റ് |
| പ്രോജക്ട് നം | S0036/24 |
| ഫണ്ട് | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| അടങ്കൽ | 3594840/- |
| ചെലവ് | 2721662/- (ബിൽ നം 502/30.03.24) |

Gem Portal മുഖേന തെരഞ്ഞെടുത്ത IT PROFESSIONALS CO-OP. SOCIETY, TVM എന്ന സ്ഥാപനം മുഖേനയാണ് പദ്ധതി നടപ്പാക്കിയത്. RO പ്ലാന്റ് സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുത്ത സ്കൂളുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. എബി വിലാസം ഹയർസെക്കന്ററി സ്കൂൾ, മുഹമ്മ
2. കെ പി മെമ്മോറിയൽ യു.പി സ്കൂൾ, മുഹമ്മ
3. ആര്യാട് നോർത്ത് സ്കൂൾ
4. മദർ തെരേസ്സാ സ്കൂൾ, മുഹമ്മ
5. ഗവ.യുപിഎസ്, തമ്പകച്ചുവട്
6. സെന്റ് ആന്റണീസ് എൽ പി സ്കൂൾ, ഓമനപ്പുഴ

ആറ് RO പ്ലാന്റുകൾക്കായി 33,51,000/- രൂപയുടെ ഇൻവോയിസ് (IT/23-24L1006/04.01.24) ഹാജരാക്കിയെങ്കിലും 2721662/-രൂപയാണ് സ്ഥാപനത്തിന് നൽകിയത്. സ്കൂളുകളിൽ RO പ്ലാന്റുകൾ സ്ഥാപിച്ചതിന്റെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.04/30.07.24) മറുപടി നൽകിയില്ല. RO പ്ലാന്റുകൾ സ്ഥാപിച്ചതിന്റെ വിവരം ഹാജരാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

4)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഐ കെ എം മെമ്പർഷിപ്പ് ഫീസ് |
| പ്രോജക്ട് നം. | S0117/24 |
| ഫണ്ട് | വികസനഫണ്ട് (ജനറൽ) |
| അടങ്കൽ | 15,00,000/- |
| ചെലവ് | 15,00,000/- (ബിൽ നം 48/31.03.24) |

സ.ഉ.(സാധാ) നം.538/2024/LSGD തീയതി, 05-03-2024 ഉത്തരവ് പ്രകാരമാണ് ഇൻഫർമേഷൻ കേരള മിഷന് മെമ്പർഷിപ്പ് ഫീസ് ആയി 15,00,000/- രൂപ (5,00,000/-രൂപ വീതം മൂന്ന് വർഷത്തേത്) നൽകിയിട്ടുള്ളത്. ഇൻഫർമേഷൻ കേരള മിഷന് മെമ്പർഷിപ്പ് ഫീസ് ഇനത്തിൽ നൽകിയ തുകയുടെ കൈപ്പറ്റ് രസീതുൾപ്പെടെ യാതൊരു രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | തുല്യതാ പഠിതാക്കൾക്ക് ഫീസ് |
| പ്രോജക്ട് നം. | S007/24 |
| ഫണ്ട് | വികസനഫണ്ട് (ജനറൽ) |
| അടങ്കൽ | 147850 |
| ചെലവ് | 84100/- (ബിൽ നം.30/14.02.24) |
| | 33750/- (ബിൽ നം.32/04.03.24) |

പദ്ധതിയുടെ ഭാഗമായി പത്താം തരം തുല്യതക്കായി 13 പഠിതാക്കൾക്ക് 9100/-(700x13) രൂപയും ഹയർസെക്കന്ററി തുല്യതക്കായി 29 പഠിതാക്കളുടെ കോഴ്സ് ഫീസ്, പരീക്ഷാ ഫീസ് ഇനത്തിലായി

108750/- (29x3750) രൂപയും സാക്ഷരതാ മിഷനിൽ ഒടുക്കിയിട്ടുണ്ട്. പത്താം തരം, ഹയർസെക്കന്ററി തുല്യത വിദ്യാർത്ഥികളുടെ ഒരു ലിസ്റ്റ് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. വിദ്യാർത്ഥികൾ പരീക്ഷയിൽ പങ്കെടുത്തതിന്റെയും സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെയും രേഖകൾ ഓഡിറ്റിൽ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.03/30.07.24) മറുപടി നൽകിയില്ല.

വിനിയോഗരേഖകളുടെ അഭാവത്തിൽ മേൽ പ്രതിപാദിച്ച 1 മുതൽ 5 വരെ പദ്ധതികളിലായി ചെലവഴിച്ച 57,67,512/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-12 ഭിന്നശേഷിക്കാർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ -സ്കൂട്ടറുകൾ വിതരണം ചെയ്തില്ല

ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ നടപ്പാക്കിയ പദ്ധതിയിൽ പത്ത് സ്കൂട്ടറുകൾക്കുള്ള വിലയാണ് PR/129/23-24/23.03.24 നം. ബിൽ പ്രകാരം KELTRON ന് നൽകിയത്.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഭിന്നശേഷിക്കാർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ |
| പ്രോജക്ട് നം. | S0070/24 |
| ഫണ്ട് | വികസനഫണ്ട് (ജനറൽ) |
| അടങ്കൽ | 11,26,000/- |
| ചെലവ് | 10,70,000/- (ബിൽ നം.05/27.03.24) |

സ്കൂട്ടറുകൾ സ്റ്റോക്കിൽ ചേർത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 11/01.08.24) ലഭ്യമാക്കിയ മറുപടിയിൽ കെൽട്രോണിൽ നിന്നും സ്കൂട്ടറുകൾ ലഭിച്ചുവെങ്കിലും വിതരണം ചെയ്തിട്ടില്ല എന്ന് അറിയിച്ചു. സ്കൂട്ടറുകൾ വിതരണം ചെയ്ത് വിവരങ്ങൾ ലഭ്യമാക്കുന്നത് വരെ ചെലവഴിച്ച 10,70,000/-രൂപ തടസ്സപ്പെടുത്തുന്നു. സ്റ്റോക്ക്, വിതരണ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-13 സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വാഹന വാടക ഇനത്തിൽ തുക ചെലവഴിച്ചു

ജി.ഒ.(എം.എസ്.)115/2022/ത.സ്വ.ഭ.വ 28.05.22 ഖ.8.2 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാഹനം വാടകക്ക് എടുക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് നിർദ്ദേശം നൽകിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിലെ ഔദ്യോഗിക വാഹനത്തിന് പകരമായി വാഹനം (KL-04-AT-2864 മാരുതി സുസുക്കി) വാടകക്ക് എടുത്ത് തുക അനുവദിച്ചതിലെ അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. മേൽ ഉത്തരവ് പ്രകാരം 2000 കി.മീ ഓടുന്നതിനുള്ള വാടക (ഇന്ധനം, ഡ്രൈവറുടെ വേതനം, മറ്റു ചെലവുകൾ ഉൾപ്പടെയുള്ള ആകെ തുക) രേഖപ്പെടുത്തിയുള്ള ക്വട്ടേഷനാണ് ക്ഷണിയ്ക്കേണ്ടത്. എന്നാൽ ആകെ തുക രേഖപ്പെടുത്താതെയാണ് (ഇ 292522/23.01.23 ക്വട്ടേഷൻ നോട്ടീസ്) ക്വട്ടേഷൻ ക്ഷണിച്ചത്.

2. പ്രതിമാസം 1000 കിലോമീറ്റർ ദൂരം സഞ്ചരിക്കുന്നതിനുള്ള നിരക്ക് രേഖപ്പെടുത്തണമെന്നാണ് ക്വട്ടേഷനിൽ ആവശ്യപ്പട്ടത്. 1000കിലോമീറ്ററിന് ഇന്ധനം, ഡ്രൈവറുടെ വേതനം, മറ്റു ചെലവുകൾ ഉൾപ്പടെ 30,000/-രൂപയും 1000 കിലോമീറ്ററിൽ അധികമായി വരുന്ന കിലോമീറ്ററിന് 18/-രൂപ നിരക്കും രേഖപ്പെടുത്തിയ ശ്രീ.മല്ലിക.എൻ ആർ,തയ്യിൽ ഹൌസ് എന്നയാൾ സമർപ്പിച്ച ക്വട്ടേഷൻ അംഗീകരിച്ച് 10.02.23 കരാർ വെച്ച് 2023 ഫെബ്രുവരി മുതലാണ് തുക നൽകിയിരിക്കുന്നത്. പ്രതിമാസം പരമാവധി 2000 കിലോമീറ്റർ ഓടുന്നതിന് 36,000/- രൂപ വരെ ചെലവഴിക്കാമെന്നാണ് ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളത്. 2000 കിലോമീറ്റർ ഓടുന്നതിന് 36,000/- രൂപ എന്ന് സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കെ ഇപ്രകാരം ഉയർന്ന നിരക്ക് അനുവദിച്ചു.

3. 1000 കിലോമീറ്ററിൽ അധികമായി വരുന്ന കിലോമീറ്റർ കണക്കാക്കുന്നത് മൂന്ന് മാസക്കാലയളവിൽ ആയിരിക്കും എന്ന ക്വട്ടേഷനിലെ നിബന്ധനക്ക് വിധേയമായി ത്രൈമാസികമായി ആയിരം കിലോമീറ്ററിൽ അധികം ഓടിയ ദൂരം കണക്കാക്കി മൂന്ന് മാസം കൂടുമ്പോഴും തുക (കിലോമീറ്ററിന് 18/-രൂപ നിരക്കിൽ) നൽകിയിട്ടുണ്ട്. ക്വട്ടേഷനിൽ രേഖപ്പെടുത്തിയതിന് അധികമായുള്ള കിലോമീറ്ററിന് അധികനിരക്ക് അനുവദിക്കാമെന്ന് മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടില്ല.

ടി അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/01.08.24) മറുപടി നൽകിയില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ടി വാഹനത്തിന്റെ വാടക ഇനത്തിൽ ചെലവഴിച്ച 483918/-രൂപ തടസ്സപ്പെടുത്തുന്നു.

ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വാഹനം ഉപയോഗിച്ച | തുക | ചെക്ക് നം./ തീയതി | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| കാലയളവ് | | | |
| 10.03.23 മുതൽ 09.04.23 വരെ | 30,000/- | 6206632/11.04.23 | |
| 10.04.23 മുതൽ 09.05.23 വരെ | 37740/- | 6206647/11.05.23 | ത്രൈമാസ അധികനിരക്ക് ഉൾപ്പടെ |
| 10.05.23 മുതൽ 09.06.23 വരെ | 30,000/- | 6206659/12.06.23 | |
| 10.06.23 മുതൽ 09.07.23 വരെ | 30,000/- | 6206672/10.07.23 | |
| 10.07.23 മുതൽ 09.08.23 വരെ | 59340/- | 6206684/11.08.23 | ത്രൈമാസ അധികനിരക്ക് ഉൾപ്പടെ |
| 10.08.23 മുതൽ 09.09.23 വരെ | 30,000/- | 6206696/12.09.23 | |
| 10.09.23 മുതൽ 09.10.23 വരെ | 30,000/- | 72563/11.10.23 | |
| 10.10.23 മുതൽ 09.11.23വരെ | 55224/- | 72582/15.11.23 | ത്രൈമാസ അധികനിരക്ക് ഉൾപ്പടെ |
| 10.11.23 മുതൽ 09.12.23 വരെ | 30,000/- | 72592/21.12.23 | |
| 10.12.23 മുതൽ 09.01.24 വരെ | 30,000/- | 14354/10.01.24 | |
| 10.01.24 മുതൽ 09.02.24 വരെ | 91614/- | 14370/14.02.24 | ത്രൈമാസ അധികനിരക്ക് ഉൾപ്പടെ |
| 10.02.24 മുതൽ 09.03.24 വരെ | 30,000/- | 14386/11.03.24 | |
| ആകെ | 483918/- | | |

## 1-14 എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി പൂർത്തീകരിച്ചില്ല

1)പ്രോജക്ടിന്റെ പേര് - പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം

പ്രോജക്ട് നം. - എസ് 0040/23-24

അടങ്കൽ തുക- 2300000/-(വികസന ഫണ്ട് SCP)

ചെലവ്-1900000/-

എസ്.സി ഡെവലപ്പ്മെന്റ് ഓഫീസർ 2023-2024 വർഷം നടപ്പാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം എന്ന പദ്ധതിയിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നില്ല. വിശദവിവരങ്ങൾ ചുവടെ.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്/ മേൽവിലാസം | നൽകിയ തുക |
|---|---|---|
| 1 | ദേവപ്രിയ, കണ്ണന്തറ ലക്ഷം വീട്, മണ്ണഞ്ചേരി | ബിൽ നം. 24/01-01-24- 30000/-<br>ബിൽ നം. 33/16-02-24- 60000/- |

| | | |
|---|---|---|
| | | ബിൽ നം.46/01-03-24- 80000/-<br>ആകെ-170000 |
| 2 | ശ്രാമൺ ദേവ്.വി, വെളിയിൽ, ചെട്ടികാട് | ബിൽ നം. 24/01-01-24- 30000<br>ബിൽ നം. 34/16-02-24- 60000/-<br>ബിൽ നം. 47/16-03-24- 80000/-<br>ആകെ-170000/- |
| 3 | ശ്രേയശ്രീ അനിരുദ്ധൻ, പനപ്പറമ്പ്, കായിപ്പുറം, മുഹമ്മ | ബിൽ നം. 24/01-01-24- 30000/-<br>ബിൽ നം. 35/16-02-24- 60000/-<br>ബിൽ നം. 46/01-03-24- 80000/-<br>ആകെ-170000 |
| 4 | അനുഗ്രഹ ഗിരീഷ്, കുന്നുകുഴിയിൽ<br>സൗത്ത് ആര്യാട്, അവലൂക്കുന്ന് .പി.ഒ | ബിൽ നം. 24/01-01-24- 30000<br>ബിൽ നം. 47/16-03-24- 60000/-<br>ആകെ – 90000/- |
| 5 | അനന്യ.എസ്.കുമാർ, മുളമാക്കി വെളി കോളനി, കലവൂർ | ബിൽ നം. 24/01-01-24- 30000/-<br>ബിൽ നം. 36/16-02-24 60000/-<br>ബിൽ നം. 46/01-03-25- 80000/-<br>ആകെ -170000/- |
| 6 | ശ്രേയസ്.എ.സജി, എട്ടുകണ്ടത്തിൽ മനേക്കുവൻ, നോർത്ത് ആര്യാട് | ബിൽ നം. 24/01-01-24, 30000/-<br>ബിൽ നം. 41/16-02-24, 60000/-<br>ബിൽ നം. 46/01-03-24,<br>80000/-<br>ആകെ-170000 |
| 7 | പല്ലവി.പി, മുളങ്ങരയിൽ വീട്, പാതിരപ്പള്ളി | ബിൽ നം. 26/01-01-24,<br>30000/-<br>ബിൽ നം. 47/16-03-24,<br>60000/-<br>ആകെ-90000/- |
| 8 | ദീക്ഷിത് ദേവനന്ദൻ, സന്തോഷ് ഭവൻ, കാട്ടൂർ | ബിൽ നം. 26/01-01-24,<br>30000/- |

| | | |
|---|---|---|
| | | ബിൽ നം. 37/16-02-24, 60000/-<br>ബിൽ നം. 46/01-03-24, 80000/-<br>ആകെ -170000/- |
| 9 | രാജരാജേശ്വരി, മുല്ലശ്ശേരിവെളി, ചാരമംഗലം, മുഹമ്മ | ബിൽ നം. 26/01-01-24, 30000/-<br>ബിൽ നം. 38/16-02-24, 60000/-<br>ബിൽ നം. 47/16-03-24, 80000/-<br>ആകെ -170000/- |
| 10 | ആരതി.എസ്., ആതിരഭവനം, മുഹമ്മ.പി.ഒ | ബിൽ നം. 29/01-01-24, 30000/-<br>ബിൽ നം. 39/16-02-24, 60000/-<br>ബിൽ നം. 46/01-03-24, 80000/-<br>ആകെ -170000/- |
| 11 | ആദിത്യൻ ബിജു,പള്ളിപ്പറമ്പിൽ, കാട്ടൂർ.പിഒ | ബിൽ നം. 29/23-01-24 30000/-<br>ബിൽ നം. 47/16-03-24 60000/-<br>ആകെ – 90000/- |
| 12 | അർജുമൻ,അക്കരോട്ട് വെളി,നോർത്ത് ആര്യാട് | ബിൽ നം. 43/26-02-24 30000/-<br>ബിൽ നം. 50/16-03-24 60000/-<br>ആകെ -90000/- |
| 13 | തേജ അഭിലാഷ്,കിഴക്കേവെളി,അവലൂക്കുന്ന് | ബിൽ നം. 43/26-02-24 30000/-<br>ബിൽ നം. 50/16-03-24 60000/-<br>ആകെ -90000/- |
| 14 | അക്ഷയ.പി, തകിടിവെളി, കലവൂർ | ബിൽ നം. 43/26-02-24 30000/-<br>ബിൽ നം. 50/16-03-24 60000/-<br>ആകെ -90000/- |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം1/29-07-24 ന് നൽകിയ മറുപടിയിൽ പൂർത്തീകരിയ്ക്കാൻ സാധിയ്ക്കാത്ത പഠനമുറികൾ എത്രയും പെട്ടന്ന പൂർത്തീകരിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ പദ്ധതികളിലെ

ഗുണഭോക്താക്കൾ പഠനമുറി പൂർത്തിയാക്കിയ വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കുന്നത് വരേയും മേൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം (പ്രോജക്ട് നം. - S0040/23-24) വേണ്ടി ചെലവഴിച്ച 1900000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2) 2022-23 വർഷം സ്പിൽ ഓവറായി നടപ്പാക്കിയ എസ് സി വിദ്യാർത്ഥകൾക്ക് പഠനമുറി നിർമ്മാണം എന്ന പദ്ധതിയിലും താഴപ്പറയുന്ന ഗുണഭോക്താക്കൾ പഠനമുറി പൂർത്തിയാക്കിയതായി കാണുന്നില്ല.

പ്രോജക്ടിന്റെ പേര് - പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം

പ്രോജക്ട് നം. - എസ് ഒ.0074/23-24

അടങ്കൽ തുക- 1200000 (1107800/-(വികസന ഫണ്ട് SCP)+92200(തനത് ഫണ്ട്))

ചെലവ്-975000

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്/ മേൽവിലാസം | നൽകിയ തുക |
|---|---|---|
| 1 | അഭിമന്യ, പുത്തൻപുരയ്ക്കൽ, പാതിരാപ്പള്ളി | ബിൽ നം. 02/20-07-23 75000/-<br>ആകെ നൽകിയ തുക-177000 |
| 2 | അണിമ, മഠത്തിവെളി, മുഹമ്മ.പി.ഒ | ബിൽ നം. 02/20-04-23 75000/-<br>ആകെ നൽകിയ തുക -167000 |

രേഖകൾ ഹാജരാക്കുന്നത് വരെയും ടി പദ്ധതിയ്ക്ക് വേണ്ടി തൻവർഷം ചെലവഴിച്ച 150000/- ലക്ഷം രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-15 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി- മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താവ് നിർമ്മാണം പൂർത്തിയാക്കിയില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി |
| പ്രോജക്ട് നം. | S0008/24 |
| ഫണ്ട് | വികസനഫണ്ട് (റ്റി.എസ്.പി) |
| അടങ്കൽ | 1,35,067/- |
| ചെലവ് | 50,000/- (ബിൽ നം.33/16.03.24) |

സെക്രട്ടറി നടപ്പാക്കിയ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതിയിൽ അഡ്വാൻസ് അനുവദിച്ച വിഘ്നേഷ്.വി, S/O സിന്ധു, വെളിയിൽ, പാതിരപ്പള്ളി എന്ന ഗുണഭോക്താവിന്റെ പഠനമുറി നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ റിപ്പോർട്ട് ചെയ്യാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/30.07.24) ഗുണഭോക്താവ് ലിന്റൽ ലവൽ വരെ നിർമ്മാണം പൂർത്തിയാക്കിയതായ ഓവർസിയറുടെ വാല്യുവേഷൻ മാത്രമാണ് ഹാജരാക്കിയത്. തുടർ ഗഡുക്കൾ കൈപ്പറ്റി പഠനമുറി നിർമ്മാണം പൂർത്തിയാക്കിയതിന്റെ വിവരം ലഭ്യമാക്കിയില്ല. അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താവ് പഠനമുറി നിർമ്മാണം പൂർത്തിയാക്കി വിവരങ്ങൾ ലഭ്യമാക്കുന്നത് വരെ ചെലവഴിച്ച 50,000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-16 എസ്.സി.ഡി.ഒ നടപ്പാക്കിയ പ്രോജക്ടുകൾ -മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല

1)പ്രോജക്ടിന്റെ പേര് - പ്രീ-മെട്രിക് ഹോസ്റ്റൽ ട്യൂഷൻ ഫീസ്

പ്രോജക്ട് നം. - എസ്0052/23-24

അടങ്കൽ തുക- 330000/-(വികസന ഫണ്ട് SCP)

ആകെ ചെലവ്-295950/-

ട്രഷറി ബിൽ നം 08/18-09-23 – 21250,2/23-09-23 – 42800, 15/29-10-23 – 44400, 21/15-12-23 - 40150, 22/01-01-24 - 40700,28/16-01-24 - 32900, 44/26-02-24 -34300, 49/16-03-24 - 39450

എസ്.സി ഡെവലപ്പ്മെന്റ് ഓഫീസർ 2023-2024 വർഷം നടപ്പാക്കിയ പ്രീ-മെട്രിക് ഹോസ്റ്റൽ ട്യൂഷൻ ഫീസ് എന്ന പദ്ധതിയ്ക്ക് വേണ്ടി 295950/- രൂപ അധ്യാപകർക്കുള്ള ട്യൂഷൻ ഫീസായി ചെലവഴിച്ചിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ വിവിധ പദ്ധതികൾക്ക് അനുവദനീയമായ സബ്സിഡി മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി 28-05-22 ൽ സർക്കാർ ഉത്തരവ് (കൈ) നം.115/2022/ത.സ്വ.ഭവ. ആയി പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി മാർഗ്ഗരേഖയിൽ ഇത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ

ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. ബ്ലോക്ക് പഞ്ചായത്തിന് ഇതിന് വേണ്ടി തുക ചെലവഴിയ്ക്കാമെന്നത് സംബന്ധിച്ച സർക്കാർ ഉത്തരവുണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 2/20-07-24 ന് നൽകിയ മറുപടിയിൽ കാലങ്ങളായി ബ്ലോക്ക് പഞ്ചായത്തുകൾ പ്രത്യേക ഘടകപദ്ധതി പ്രകാരം തുക വകയിരുത്തി വരികയാണെന്നും പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരമാണ് പദ്ധതി നടപ്പാക്കിയതെന്നുമാണ് അറിയിച്ചിരിയ്ക്കുന്നത്. ഈ മറുപടി അംഗീകരിയ്ക്കാവുന്നതല്ല. പട്ടികജാതി വികസനവകുപ്പിന് ഇതിന് വേണ്ടി പ്രത്യേക ഉത്തരവ് സ.ഉ.(സാധാ) നം.539/2022/SCSTD തീയതി, 31-05-2022) നിലവിലുള്ളതും ടി ഉത്തരവ് പ്രകാരം ട്യൂഷൻ ടീച്ചർമാരുടെ വേതനം 2225-01-197-50(NP), 2225-01- 191-50(NP), 2225-01-192-50(NP) എന്നീ ശീർഷകങ്ങളിൽ നിന്നും കണ്ടെത്താവുന്നതാണെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. ഇതിന് വേണ്ടി പ്രത്യേകം തുക ചെലവ് ചെയ്യേണ്ട ആവശ്യകത ഉണ്ടായിരുന്നില്ല. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് ഉപരിയായി ചെലവഴിച്ച 295950/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2)പ്രോജക്ടിന്റെ പേര് - പ്രീ-മെട്രിക് ഹോസ്റ്റൽ ദൈനംദിന ചെലവുകൾ

പ്രോജക്ട് നം. - എസ്0053/23-24

അടങ്കൽ തുക- 624000/-(വികസന ഫണ്ട് SCP)

ചെലവ്-590421/-

ട്രഷറി ബിൽ നം. 48/16-03-24 -4050, 42/16-02-24 -4050, 30/23-01-24 - 4050, 25/01-01-24 -4050, 20/15-12-23 -4050 17/29/-10-23 -4050, 14/06-10-23 -4050, 11/20-09-23 -4050,

09/20-09-23 -4050, 06/10-08-23 -4050

എസ്.സി ഡെവലപ്പ്മെന്റ് ഓഫീസർ 2023-24 വർഷം നടപ്പാക്കിയ പ്രീ-മെട്രിക് ഹോസ്റ്റൽ എന്ന പദ്ധതിയിൽ പെടുത്തി 15 വിദ്യാർത്ഥികൾക്ക് 270/- രൂപ വീതം, 4050/- രൂപ പ്രതിമാസം പോക്കറ്റ് മണിയായി നൽകുന്നുണ്ട് ഇതിന് വേണ്ടി 40500/- രൂപ ചെലവഴിച്ചിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ വിവിധ പദ്ധതികൾക്ക് അനുവദനീയമായ സബ്സിഡി മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി 28-05-22 ൽ സർക്കാർ ഉത്തരവ് (കൈ) നം.115/2022/ത.സ്വ.ഭ.വ. ആയി പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി മാർഗ്ഗരേഖയിൽ ഇത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. ബ്ലോക്ക് പഞ്ചായത്തിന് ഈ പദ്ധതിയ്ക്ക് വേണ്ടി തുക ചെലവഴിയ്ക്കാമെന്നത് സംബന്ധിച്ച സർക്കാർ ഉത്തരവ് നിലവിലുണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടിയിൽ 13/02/1997 ലെ ജി.ഒ(സാ.ധാ)നം. 82/97 പ്രകാരം പ്രീ-മെട്രിക് ഹോസ്റ്റലുകൾ അതായത് ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ടെന്നും അതിനാലാണ് പ്രത്യേകഘടക പദ്ധതി പ്രകാരം തുക വകയിരുത്തി പദ്ധതി നടപ്പാക്കിയതെന്നുമാണ് അറിയിച്ചിരിയ്ക്കുന്നത്. ടി മറുപടി അംഗീകരിയ്ക്കാവുന്നതല്ല. വിട്ടു കിട്ടിയ ഘടക സ്ഥാപനങ്ങളുൾപ്പടെയുള്ളവ വാർഷിക പദ്ധതി നടപ്പാക്കാനായുള്ള നിർദ്ദേശങ്ങളാണ് മേൽ മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിരിയ്ക്കുന്നത്. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കുപരിയായി ചെലവഴിച്ച 40500/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-17 ഗവൺമെന്റ് ഹോസ്പിറ്റൽ, ചെട്ടികാട്-മരുന്നുകൾ ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ ഗവൺമെന്റ് ഹോസ്പിറ്റൽ, ചെട്ടികാട് നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) സെക്കന്ററി പാലിയേറ്റീവ് കെയർ മരുന്നുകൾ ലഭ്യമായില്ല

സെക്കന്ററി പാലിയേറ്റീവ് കെയർ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പാലിയേറ്റീവ് കെയറിനായി മരുന്നുകളും ഉപകരണങ്ങളും വാങ്ങുവാനായി ആകെ 1085558/- രൂപ കേരള മെഡിയ്ക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിലേയ്ക്ക് ഇൻവോയ്സ് നമ്പർ പി.ആർ.എഫ് 2990/04-01-24, പി.ആർ.എഫ് 3040/01-01-24 പ്രകാരം അടവാക്കിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്0024/23-34 |
| പ്രോജക്ട് | സെക്കന്ററി പാലിയേറ്റീവ് |
| ഇൻവോയ്സ് നമ്പർ | പി.ആർ.എഫ് 2990/04-01-24, 684245<br>പി.ആർ.എഫ് 3040/01-01-24 -180138 |
| ചെലവ് | 1085558/-<br>ട്രഷറി ബിൽ നം. 71/25-01-24 |

ടി തുക പൂർണ്ണമായും കേരള മെഡിയ്ക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുള്ളതാണ്. എന്നാൽ ഇത് വരെയും മരുന്നുകൾ ലഭ്യമായതായി കാണുന്നില്ല. മരുന്നുകൾ

ലഭ്യമായിട്ടുണ്ടെങ്കിൽ ബില്ലുകളും സ്റ്റോക്ക് എൻട്രി നടത്തിയ വിവരങ്ങളും പരിശോധനയ്ക്ക് ഹാജരാക്കുവാനും, മരുന്നുകൾ ലഭ്യമായിട്ടില്ലെങ്കിൽ ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/01-08-24 ന് മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭ്യമായ രേഖകൾ ഹാജരാക്കുന്നത് വരെയും ടി പദ്ധതിയ്ക്ക് വേണ്ടി ചെലവഴിച്ച 1085558/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

